Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2025/1515-13 (2) തീയതി : 27.03.2025

**സർക്കുലർ**

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - ലാപ്ടോപ്പുകളുടെ AMC - പരാതികളുണ്ടെങ്കിൽ അടിയന്തിരമായി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- ഈ ഓഫീസിലെ 01.04.2023 ലെ KITE/2023/1515-13 (1) നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾക്ക് 2025 മാർച്ച് 31 വരെ AMC സംവിധാനം സൂചന പ്രകാരം കൈറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. 2025 ഏപ്രിൽ 1 മുതൽ പ്രസ്തുത ലാപ്ടോപ്പുകൾക്ക് AMC നിലവിൽ ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ Complaint registration സംവിധാനവും ലാപ്ടോപ്പുകൾക്ക് 2025 ഏപ്രിൽ 1 മുതൽ ലഭ്യമാകില്ല. ആയതിനാൽ എല്ലാ സ്കൂൾ പ്രഥമാധ്യാപകരും (ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി) 2025 മാർച്ച് 31 നകം പ്രസ്തുത ലാപ്ടോപ്പുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അടിയന്തിരമായി അത് ഓൺലൈൻ പോർട്ടലിൽ (kite.kerala.gov.in/support) രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ വിഭാഗം പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ ആർഡിഡി/എഡി മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർ/ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും
സ്റ്റോക്ക് ഫയൽ